# HIGH SCHOOL R-PERUNAD

# MUKULAM

## മുകുളം

## 2K20

little KITEs

# ഉള്ളടക്കം


1. ആശംസ........................... 3

2. കഥ..................................

ഗുരുവും ശിഷ്യന്മാരും 4

അയ്യോ ഹയ്യ! 5

രാത്രി വണ്ടിയിലെ യാത്രക്കാരൻ 6

3 .കവിത..............................

ബാല്യകാലം 7

മാതൃ മലയാളം 8

mother to son 9

4 .ലേഖനം..........................

സ്നേഹം 10

5.കണക്കിലെ പ്രതിഭകൾ...... 12

6 .ഗാന്ധി വചനങ്ങൾ........... 18

7. painting.......................... 21

8.poster.............................. 22

9 .നൈതികം....................... 23

10 .അഭിനന്ദനങ്ങൾ............. 24

11.Little Kite Members........ 25

12. നന്ദി........................ 26

# ആശംസ

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായിരൂപീകരിച്ച ലിറ്റിൽ  കൈറ്റ്സ് കൂട്ടായ്മയുടെ ''മുകുളം'' ഡിജിറ്റൽ മാഗസീന് എന്റെ എല്ലാ മംഗളങ്ങളും ആശംസിക്കുന്നു .

27-01-2020

എസ്.ലേഖ

ഹെഡ് മിസ്ട്രസ്സ്

# ഗുരുവും ശിഷ്യന്മാരും

ഗുരുകുല വിദ്യാഭ്യാസം പൂർത്തിയാക്കി ഗുരുവിനോട് വിട പറയുകയായിരുന്നു ഹരിയും ഗോവിന്ദനും. എന്തു ഗുരു ദക്ഷിണയാണ് വേണ്ടതെന്ന് ഇരുവരും ഗുരുവിനോട് ചോദ്യച്ചു. വിരുദ്ധ സ്വഭാവമുള്ള വരാണ് ശിഷ്യന്മാരെന്ന് ഗുരുവിനറിയാമായിരുന്നു. അദ്ദേഹം രണ്ടു പേർക്കും ഒരു പോലുള്ള ഓരോ മുറി കാണിച്ചു കൊടുത്തു ഗുരു ദക്ഷിണയായി,തനിക്ക് മറ്റൊന്നും വെണ്ട. ആ മുറികൾ നിറച്ചു തന്നാൽ മതിയെന്ന് അദ്ദെഹം ആവശ്യപ്പെട്ടു.

സാമാന്യം വലിപ്പമുള്ള മുറികൾ കണ്ടപ്പോൾ ശിഷ്യന്മാർ ചിന്താകുലരായി. അവ എങ്ങനെ നിറയ്ക്കണമെന്ന് അവർ ആലോചിക്കാൻ തുടങ്ങി. ഏറെ നേരത്തെ ആലോചനയ്ക്കു് ശേഷം ഇരുവരും മുറി നിറയ്ക്കാൻ തങ്ങളുടെതായ മാർഗ്ഗം കണ്ടെത്തി.

ഹരി, ആ നാട്ടിലെ മാലിന്യങ്ങളും ചവറും നീക്കം ചെയ്യുന്ന ഉദ്യോഗസ്ഥനെ പോയി കണ്ടു. ഒരാഴ്ചത്തെ  ചവറു മുഴുവൻ ഗുരു തന്നെയേൽപ്പിച്ച മുറിയിൽ കൊണ്ടിടാൻ അവൻ ഉദ്യോഗസ്ഥനെ ചട്ടം കെട്ടി. അതിനോരു ചെറിയ പ്രതിഫലവും അവൻ അയാൾക്കു നൽകി. ഒറ്റയാഴ്ച കഴിഞ്ഞപ്പോൾ മുറി ചവറു കൊണ്ട് നിറഞ്ഞു .

അതേ സമയം ഗോവിന്ദൻ ചെയ്തതെന്താണ്? അവൻ ഗുരു തന്നെയേൽപ്പിച്ച മുറി വൃത്തിയാക്കി കഴുക്കി വെടിപ്പാക്കി. എന്നിട്ട് ഒത്ത മധ്യത്തിലായി ഏഴ് തിരിയിട്ട ഒരു നെയ് വിളക്ക് കൊളുത്തിവച്ചു. ചന്ദനത്തിരിയയും കത്തിച്ചു വച്ചു. അങ്ങനെ മുറി വെളിച്ചവും സുഗന്ധവും കൊണ്ടു നിറച്ചു.

മുറികൾ നിറച്ചു കഴിഞ്ഞ്  രണ്ടു പേരും ഗുരുവിനെ സന്ദർശിച്ച് മുറികൾ പരിശോധിക്കാൻ ക്ഷണിച്ചു.ഗുരു ആദ്യം ഹരിയുടെ ഒപ്പം പോയി. ചവറു നിറച്ച മുറിയിൽ നിന്നുയരുന്ന ദുർഗന്ധം കാരണം അദ്ദേഹം മൂക്കുപൊത്തി തുടർന്ന് ഗോവിന്ദൻ എങ്ങനെയാണ് മുറിനിറച്ചതെന്നറിയാൻ ഗുരു അവനോടൊപ്പം പോയി. ദിപ് തവും സുഗന്ധപൂരിതവുമായ മുറി കണ്ട്  ഗുരുവിന് സന്തോഷമായി.

തുടർന്ന് അദ്ദേഹം രണ്ടു ശിഷ്യന്മാരേയും അരികെ വിളിച്ചു പറഞ്ഞു ഒരേ കാര്യമാണ് ഞാൻ നിങ്ങളോടാവശ്യപ്പെട്ടത്. എന്നാൽ നിങ്ങളത് നിർവ്വഹിച്ചത് തികച്ചും ഭിന്നമായ രിതിയിലാണ് . ഒരുവന്റെ സംസ്കാരമാണ് പ്രവൃത്തിയിൽ പ്രതിഫലിക്കുന്നത്. ഒന്നു  നിർത്തിയിട്ട് അദ്ദേഹം തുടർന്നു. മാലിന്യങ്ങൾ കൊണ്ട് മുറി നിറയ്ക്കുന്നയാളിന്റെ മനസ്സും മലിനമായിരിക്കും. അയാളുടെ ജിവിതത്തിൽ തിന്മകൾ നിറഞ്ഞിരിക്കും. അതേ സമയം വെളിച്ചം തെളിഞ്ഞ ചിന്തയുടെയും ജ്ഞാനത്തിന്റെയും പ്രതികമാണ്. നന്മയുടെ ഒരു മനസ്സിൽ നിന്നേ സദ്ചിന്തകളുണ്ടാകൂ. ഗുരുവിന്റെ വാക്കുകൾ ശിഷ്യന്മാരുടെ കണ്ണു തുറപ്പിച്ചു . മുറി നിറയ്ക്കാൻ  ഗൂഢമാർഗ്ഗം  തേടിയ ഹരി, ഗുരുവിനോട് മാപ്പപേക്ഷിച്ചു. അദ്ദേഹമാകട്ടെ വാത്സല്യപൂർവ്വം ഇരു

ശിഷ്യന്മാരെയും ചേർത്തണച്ചാശ്ലേഷിച്ചു. ശ്രീലക്ഷ്മി മനോജ്

9.എ

# അയ്യോ

# ഹ്ദയ്യ!

ഒരിടത്ത് ഹ്ദയ എന്നൊരു ദുർമന്ത്രവാദിനിയുണ്ടായിരുന്നു . രാത്രിയായാൽ ഹ്ദയ മാന്ത്രികചൂലിൽ ആകാശത്ത് പറന്നുനടക്കും . ഇടയ്ക്ക് നിലത്തിറങ്ങും . എന്നിട്ട് മുന്നിൽ കാണുന്നവരെ ചൂലുക്കൊണ്ട് അടിക്കും . മാന്ത്രികചൂലുകൊണ്ട് അടികൊള്ളുന്നയാൾ അടിക്കുന്നയാളുടെ അടിമയായി മാറും !

ഒരു ദിവസം അതിരാവിലെ ഹ്ദയ ഒരു സ്കൂളിലെത്തി . അവിടെ ഒഴിഞ്ഞുകിടന്ന മുറിയിൽ കയറികിടന്ന് ഉറക്കമായി .അപ്പോഴാണ് പട്ടുവിക്രുതിയായ ലിട്ടു ആവഴി വന്നത് . ലിട്ടു നോക്കുബഴതാ ചൂലും അടുത്തുവചൊരു അമ്മൂമ്മകിടന്നുറങ്ങുന്നു . ലിട്ടു ആ ചൂലുമെടുത്ത് ഒറ്റയോട്ടം . ഹ്ദയ ഞെട്ടി യുണർന്ന് പിന്നാലെ ഓടി പിന്നെ ലിട്ടുവിനെ പിടികൂടി.

"ഇനിമുതൽ നീ എന്റെ അടിമയാ . പറഞ്ഞത് അനുസരിചില്ലകിൽ തവളയാക്കി മാറ്റിക്കളയും !"

"ലിട്ടു പേടിച്ചു വിറച്ചു . അപ്പോൾ മുതൽ ഹ്ദയ പറയുന്നത് അനുസരിക്കാൻ തുടങ്ങി ."

"മര്യാദയ്ക്ക് എന്റെ കാലു തിരുമ്മ്...."

ഹ്ദയ പറഞ്ഞു . ലിട്ടു പേടിച്ച് വേഗം കാലു തിരുമ്മികൊടുത്തു .

"എനിക്കെന്താ വേണ്ടതെന്ന് കണ്ടറിഞ്ഞു ചെയ്തോളണം കേട്ടല്ലോ ...."

ഹ്ദയ അലറി . ലിട്ടു പേടിച്ചു തലകുലുക്കി

ലിട്ടു കാലുതിരുമ്മി കൊടുക്കുന്ന രസത്തിൽ ഹ്ദയ മയങ്ങി . അപ്പോഴാണ് ഒരു ചിലന്തി ഹ്ദയയുടെ ദേഹത്ത് കയറുന്നത് ലിട്ടു കണ്ടത് . അവൻ വേഗം ചൂലെടുത്ത് ചിലന്തിയെ ഒറ്റയടി !

ചിലന്തിചാടിപ്പോയി അടിക്കിട്ടിയത് ഹ്രയയ്ക്കായിരുന്നു

. അതോടെ ഹ്രയ ലിട്ടുവിന്റെ അടിമയായി മാറി.

"ഇനി അങ്ങ് പറയുന്നതെന്തും ഞാൻ

അനുസരിചോളാമേ..........."

ഹ്രയ ലിട്ടുവിന്റെ മുന്നിൽ താണു കേണു പറഞ്ഞു ." ജിയ 6a

# രാത്രി വണ്ടിയിലെ യാത്രക്കാരൻ

*നേരം സന്ധ്യയായിട്ടുള്ളങ്കിലും പുറത്തു നല്ല ഇരുട്ട്. ഞാൻ തീവണ്ടി കാത്തിരുന്നു .കുറച്ച് താമസിച്ചാണെങ്കിലും എനിക്കു പോവാനുള്ള തീവണ്ടി വന്നു .വന്നതും ആളുകളുടെ തിരക്ക് വാഹനത്തിൽ നിന്നിറങ്ങുന്നവരുടെ സാധനമൊക്കെ എടുക്കാൻ വേഗത്തിൽ വരുന്ന ചുമട്ടു തൊഴിലാളികൾ .തിക്കും തിരക്കും ഒരുണ്ടെ വിധത്തിൽ തള്ളി നീക്കി ഞാൻ ഇരിപ്പിടം കണ്ടെത്തി. ആശ്വാസപൂർവ്വം ഞാനെന്റെ ഇരിപ്പിടം കണ്ടെത്തി പിന്നെ ഞാൻ അവിടേക്ക് ഇരുന്നു.തീവണ്ടി മെല്ലെ ചലിച്ചു തുടങ്ങി.ഞാനെന്റെ ക്യാമറ പുറത്തെടുത്ത് പുറത്തേക്കു നോക്കിക്കൊണ്ടിരിക്കുകയായിരുന്നു.അപ്പോഴാണ് ജനലോരം ചേർന്നിരിക്കുന്ന ആ വൃദ്ധയെ കണ്ടത്. പേടി പരിഭ്രമവും നിറഞ്ഞ അവരുടെ കണ്ണുകൾ പുറത്തേക്കുതന്നെ നോക്കിയിരുന്നു. ജനലിലൂടെ ഓടിമറയുന്ന മരങ്ങളെ പോലെ അവരുടെ കണ്ണുകള് പുറത്തേക്കു തന്നെ നോക്കിയിരുന്നു. ജനലിലൂടെ ഓടിമറയുന്ന മരങ്ങളെപ്പോലെ അവരുടെ മനസ്സിലും ഓർമ്മകൾ ഓടിമറയുന്നുണ്ടായിരുന്നു . സംസാരിക്കാൻ ഞാൻ പലതവണ നോക്കിയാലും ഒരുനിമിഷം പോലും എന്നെ നോക്കാതെ ഒരു പാവയെ പോലെ പുറത്തേ നോക്കിയിരുന്നു...*

*ഞാൻ ചോദിച്ചു , ''അമ്മ എവിടെ പോവുകയാണ്'' ,കൂടെ ആരും ഇല്ലേ? ഞാൻ ചോദിച്ചതിനൊക്കെ ഒരു നീണ്ട മൗനമായിരുന്നു അമ്മയുടെ മറുപടി. ;''കൂടെ ഇരുന്നവരും ഇതേ ചോദ്യം തന്നെ ആവർത്തിച്ചു. അപ്പോൾ ആ അമ്മക്കൊന്നും മറച്ചു പിടിക്കാൻ സാധിച്ചില്ല . ആ അമ്മ അവരോട് കഥ പറയാൻ തുടങ്ങി . തന്റെ മനോഹരമായ ഗ്രാമത്തെ കുറിച്ചും ഒക്കെ പറഞ്ഞു . അപ്പോഴാണ് അമ്മ പെട്ടന്ന് തന്റെ മകന്റെ കാര്യം പറഞ്ഞത് . ജന്മനാ മുതൽ അംഗവൈകല്യമുള്ള തന്റെ മകന് ഇത്ര പ്രായമായിട്ടും ഒരു കുഞ്ഞിനെ പോലെയാണ് താൻനോക്കുന്നതെന്നും ,തന്റെ ജീവനിലുപരി തന്റെ മകനെയാണ്*

*അവർ സ്നേഹിച്ചിരുന്നത് . മകനെപ്പറ്റി പറയുമ്പോഴെല്ലാം അമ്മയുടെ കണ്ണ് ഒരു നക്ഷത്രത്തെ പോലെ ശോഭയുള്ളതായി മാറുന്നത് ഞാൻ കണ്ടു . അപ്പോൾ ഞാൻ ചോദിച്ചു ഇപ്പോൾ അമ്മയയുടെ മകൻ എവിടെയാണ് . ഇടിമിന്നലേറ്റപോലെ ആ വൃദ്ധ അവരുടെ ഓർമ്മകളിൽ ഉണർന്നു . എന്നിട്ടു പറഞ്ഞു ,എനിക്കിറങ്ങാൻ സമയമായി . അവർ തീവണ്ടിയിൽ നിന്നിറങ്ങി . അപ്പോൾ അവർ ഇരുന്നിടത്തു നിന്ന് എനിക്ക് അവരുടെ ഒരു ബാഗ് കിട്ടി . തീവണ്ടിയിൽ കയറിയതു മുതൽ തന്റെ മാറിൽ ചേർത്തു വച്ചതാണിത് . ഞാനതെടുത്ത് അവർ ഇറങ്ങിയ സ്ഥലത്ത് ഇറങ്ങി . അവർ പതുക്കെ നടക്കുകയായിരുന്നു. ഞാൻ അവരുടെ അടുത്തു ചെന്നു. അമ്മ വേഗം അതു വാങ്ങി കരയാൻ തുടങ്ങി . ഇത് ഗംഗാ ജലത്തിൽ ഒഴുക്കാൻ പോവാണു ഞാൻ ഇതെന്റെ മകന്റെ ചിതാ ഭസ്മമാണ് . തീവണ്ടിയുടെ ചൂളമടി എന്റെ കാതിൽ മുഴങ്ങി . പതിയെ ഇരുട്ടിലേക്കു നടന്നു നീങ്ങുന്ന അമ്മയെ നോക്കി നിശ്ചലമായി ഞാനൊരു നിമിഷം നിന്നു .*

**ഒരിക്കൽ പോലും ഞാൻ അനുഭവിച്ചിട്ടില്ലാത്ത മാതൃത്വം എന്ന അനുഭൂതി അന്ന്യാദ്യമായി ഞാൻ തിരിച്ചറിഞ്ഞു .........**

# ബാല്യകാലം

ഒരു  മയിൽപ്പീലി പോലെൻ  മനതാരിൽ
നിറയുന്ന കവിതയാണെൻെറ  ബാല്യം
മുത്തശ്ശി  കഥയിലെ  പുരാണരൂപങ്ങൾ
മനസ്സിൽ നിറച്ച  എൻ മധുരകാലം
ഓണക്കാലത്ത് പൂക്കളമിട്ടും  ഓണത്തു  പിടിച്ചും  നടന്നകാലം
വിഷുനാൾ  കണികണ്ടും കൈനീട്ടം
പ്രതീക്ഷിച്ചിരുന്നെൻ  ബാല്യകാലം
കുറു  കൾ കാണിക്കു  ൾ  അമ്മതൻ
ശകാരങ്ങൾ  കേട്ടേൻ  നൊ  രകാലം
"എൻ പ്രിയ ബാല്യകാലം"

സാന്ദ്ര  സത്യവാൻ
10 എ

# മാതൃ മലയാളം

മലയാള ഭാഷതൻ
മാറിൽ ചായുന്ന മരത-
കമേ നിന്നെ വിളിപ്പൂ ഞാൻ

ഇന്നുനീയെന്തിന് മലയാള
ഭാഷതൻ മാറിൽ
ഇരുന്നു കരയുന്നു?
എൻ മരതകമേ ഒന്നു ചെല്ലാമോ?

എന്നുമെൻ അമ്മതൻ
മടിയിൽ ഇരിക്കേണ്ടവർ
ഇന്നുതൻ അമ്മയെ
അറിയുന്നില്ല!

മലയാള അമ്മയെ
കണ്ടിട്ടില്ലാ.. ഇനിയെ-
ൻ അമ്മ ചെല്ലും .

എന്തിനു നിങ്ങൾ എൻ
മലയാള മക്കളെ എനിക്കു
തരാതെ എന്നിൽ നിന്നു-
പിടിച്ചുവാങ്ങി. എൻ ഹൃദ-
യത്തെ നിങ്ങൾ പിടിച്ചെടുത്തു

നിൻ മക്കൾ നിനക്കായ്
കരയുന്ന വേളകളിൽ നീ
അവരിൽ നിറഞ്ഞു നിൽ-
ക്കു അപ്പോൾ അവർ
നിനക്കായ് തിരിച്ചു വരും

അന്നു നീയവർക്കായ്

# *MOTHER TO SON*

WELL,son,I'll tell you:

Life for me ain't been no crystal stair

It's had tacks in it,

And splinters

And boards torn up,

And places with no carpet on the floor  Bare.

But all the time

I' se been a-climbin' on,

And reachin' landin 's

And turnin'corners,

And sometimes goin' in the dark

Where there ain't been no light

so ,boy,don't you turn back

Don't you set down on the steps.

JAMES MERCER LANGSTON HUGHES

# സ്നേഹം

ജീവിതത്തിലെ ഏറ്റവും ഉൽകൃഷ്ടമായ ഗുണവിശേഷമാണ് സ്നേഹം. സ്നേഹം ഒരു പ്രദർശനമല്ല. അത് മനസ്സറിഞ്ഞ് നാം മറ്റുള്ളവർക്ക് നൽകേണ്ടുന്ന സമ്മാനമാണ്. സ്നേഹിക്കാനും,സ്നേപിക്കപ്പെടാനും എല്ലാവരും ആഗ്രഹിക്കുന്നു. ഹൃദയത്തിൽ സ്നേഹമില്ലാത്തവർ ഒരു പാറക്കല്ലുപോലെയായിരിക്കും. പ്രകടിപ്പിക്കുന്നതിൽ നാം ഒരിക്കലും പിശുക്ക് കാണിക്കരുത്. മറ്റുള്ളവർ നമ്മോട് സ്നേഹം പ്രകടിപ്പി ൾ അവരോട് തിരിച്ച് മുഖം കറുപ്പിക്കാതെ സ്നേഹത്തോടെ പെരുമാറണം . ഉള്ളിൽ ഉള്ള സ്നോഹം പൊതിഞ്ഞുമൂടാതെ അതു മറ്റുള്ളവർക്ക് പകർന്നു നൽകണം. മറ്റുള്ളവരുടെ സ്നേഹവും, ആദരവും നമുക്ക് കിട്ടണമെങ്കിൽ നാം നമ്മുടെ ഉള്ളിലൂടെ സ്നേഹം പുറത്ത് കാണിച്ചേപ്പറ്റു. നാം പൊതുവെ സ്നേഹം പ്രകടിപ്പിക്കാൻ വിമുഖത കാട്ടുന്നവരാണ്. അത് എന്തു കാരണത്താലാണ്എന്ന് നമുക്ക് തന്നെ അറിയില്ല. ഒന്നുകിൽനാം മറ്റൊരാളോട് സ്നേഹം പ്രകടിപ്പിക്കുന്നത് മൂന്നാമതൊരാൾ കണ്ടാൽ എന്തു വിചാരിക്കും എന്നും കരുതിയിട്ടാണോ? അതോ സംസ്കാരത്തിന്റെ ഒരു ഭാഗമായിട്ടാണോ? ഇതൊന്നുംകൊണ്ടല്ല നാം സ്നേഹം പ്രകടിപ്പിക്കുന്നത്. മറ്റൊരാൾക്ക് നമ്മുടെ ഉള്ളിൽ സ്നേഹം ഉണ്ട് എന്ന് തോന്നിപ്പിക്കാൻ വേണ്ടിയാകരുത്. മനസ്സറിഞ്ഞ് വേണം ഏതൊരാളേയും സ്നേഹിക്കാൻ. വിളക്കുകത്തിച്ച് പറയുടെ കീഴിൽ വയ്ക്കാറില്ല. വിളക്കു പീഠത്തിൽ വയ്ക്കുന്നതുകൊണ്ട് വീട്ടിലുള്ളവർക്കെല്ലാം വെളിച്ചം നമുക്ക് ലഭിക്കുന്നു നമ്മുടെ മനസ്സിൽ തെളിച്ചു. വെച്ചിരിക്കുന്ന സ്നേഹം പറഞ്ഞു എടുക്കാൻ ഒരിക്കലും നാം മടിക്കാണിക്കരുത്.

"സ്നേഹത്തിന്റെ നോട്ടം മിഴികൾ കൊണ്ടല്ല. മനസ്സുകൊണ്ടാണ്"

അഞ്ജന ബിനു 9a

# ARYABHATTA



Aryabhatta was an extraordinary teacher and scholar who had immense knowledge about mathematics and astronomy. He suggested the heliocentric theory which proved that the sun is located in the centre of the solar system and all the planets revolve around it. In fact he made this discovery way before Copernicus made this discovery in the West.

Aryabhatta was born in Kerala and lived from 476 AD to 550 AD, he completed his education from the ancient university of Nalanda and later he moved to Bihar and continued his studies in the great centre of learning located in close proximity to Kusumapura in Bihar and lived in Taregana District in Bihar in the late 5th and early 6th century.

# SRINIVASA RAMANUJAN






**Srinivasa Ramanujan** was one of India's greatest mathematical geniuses. He made substantial contributions to the analytical theory of numbers and worked on elliptic functions, continued fractions, and infinite series.

Ramanujan was born in his grandmother's house in Erode, a small village about 400 km southwest of Madras (now Chennai). When Ramanujan was a year old his mother took him to the town of Kumbakonam, about 160 km nearer Madras. His father worked in Kumbakonam as a clerk in a cloth merchant's shop. In December 1889 he contracted smallpox.

# PYTHAGORAS



A scene from Raphael’s School of Athens shows Pythagoras as a bearded man, thinning on top, and writing with a quill. He is wearing a sleeved tunic spread out over his legs as he bows his head to write, balancing a book on his left thigh. Before him, a child with long hair presents him with a writing slate. There is another figure of a woman with long hair behind the child, wearing a white shroud. The Middle Eastern philosopher Averroes peers over his left shoulder while another bearded figure, presumably Anaxagoras, peers over his right shoulder and writes notes on a small pad.

# HYPATIA



**Hypatia of Alexandria** was the first woman to make a substantial contribution to the development of mathematics.

Hypatia was the daughter of the mathematician and philosopher Theon of Alexandria and it is fairly certain that she studied mathematics under the guidance and instruction of her father. It is rather remarkable that Hypatia became head of the Platonist school at Alexandria in about 400 AD. There she lectured on mathematics and philosophy, in particular teaching the philosophy of Neoplatonism. Hypatia based her teachings on those of Plotinus, the founder of Neoplatonism, and Iamblichus who was a developer of Neoplatonism around 300 AD.

# GEORG CANTOR



Cantor’s parents were Danish. His artistic mother, a Roman Catholic, came from a family of musicians, and his father, a Protestant, was a prosperous merchant. When his father became ill in 1856, the family moved to Frankfurt. Cantor’s mathematical talents emerged prior to his 15th birthday while he was studying in private schools and at *gymnasien* at Darmstadt first and then at Wiesbaden; eventually, he overcame the objections of his father, who wanted him to become an engineer.



# മനുഷ്യ കംമ്പ്യൂട്ടർ

1929 നവംബർ 4 ന് ബാംഗ്ളൂരിലാണ് കംമ്പ്യൂട്ടറിനെ തോൽപ്പിച്ച അത്ഭുത വനിത എന്ന് ലോകം വിളിച്ച ഗണിത ശാസ്ത്ര ലോകത്തെ വിസ്മയമായ ശകുന്തള ദേവി ജനിച്ചത്. ഒരുതരത്തിലുള്ള ഔപചാരിക വിദ്യാഭ്യാസവുംനേടിയിട്ടില്ലാത്ത ശകുന്തളാദേവി ആറാം വയസ്സിൽ മൈസൂർ സർവ്വകലാശാലയിലും എട്ടാം വയസ്സിൽ അണ്ണാമലൈ സർവ്വകലാശാലയിലും ശരവേഗകണക്കിന്റെ വിസ്മയം തീർത്തു . ശകുന്തളാദേവി തന്റെ 51 -ാം വയസ്സിൽ ഒരു പതിമൂന്ന് അക്ക സംഖ്യയെ മറ്റൊരു പതിമൂന്നക്ക സംഖ്യ കൊണ്ട്ഗുണിച്ച് വെറും 28 സെക്കന്റുകൾക്കുള്ളിൽ മനക്കണക്കായി ഉത്തരം കണ്ടെത്തി .

വിവിധ ഭാഷകളിലേക്ക് തർജ്ജിമ ചെയ്യപ്പെട്ട ഗണിത ശാസ്ത്ര സംബന്ധിയായ മുപ്പതിലധികം പുസ്തകങ്ങൾ അവർ എഴുതിയിട്ടുണ്ട്.1977 ൽ കംമ്പ്യൂട്ടറിനെ തോൽപ്പിച്ച അത്ഭുത പ്രകടനം നടക്കുമ്പോൾ അവർക്ക് 48 വയസ്സായിരുന്നു പ്രായം. അമേരിക്കയിലെ ഡള്ളാസിൽ കംമ്പ്യൂട്ടറുമായി ക്യൂബ് റൂട്ട് മത്സരത്തിൽ ഏർപ്പെട്ട ശകുന്തളാദേവി 50 സെക്കന്റിനകമാണ് ഉത്തരം നല്കിയത് .201 അക്കസംഖ്യയുടെ 23 -ാം വർഗ്ഗ മൂലം ശകുന്തളാദേവി മനക്കണക്കിലൂടെ കണ്ടെത്തി. അക്കങ്ങൾ പോലും അത്ഭുതത്തോടെ നോക്കിയ കംമ്പ്യൂട്ടർ വനിതയായ ശകുന്തളാദേവി കണക്കിന്റെ കളികളെ ഉള്ളം കയ്യിൽ കൊണ്ടു നടന്ന് മനുഷ്യ കംമ്പ്യൂട്ടർ എന്ന വിശേഷണം സ്വന്തമാക്കിയ ആ ഇന്ത്യൻ പ്രതിഭയുടെ ഓർമ്മകൾക്കു മുൻപിൽ പ്രണാമം .......

# GANDHI'S 10 INSPIRING QUOTES

1. A man is but a product of his thoughts.what he thinks he becomes
2. I will not let anyone walk through my mind with her dirty feet
3. Nobody can hurt me without my permission

4. An ounce to practise is worth a thousand words

5.The weak can never forgive.forgiveness is an attribute of the strong

6. Live as if you were to die tomorrow. Learn as if you were to live forever

7. Freedom is not worth having if it does not include the freedom to make mistakes

8. The best way to find yourself is to lose yourself in the service to other

9. In a gentle way ,you can shake the world

10. Hate the sin ,love the sinner


Say 'NO' for Kids


BRAIN TEST
+ + =18
+ + = 9
× − =6
× − =??




MAYWOOD
STRAIGHT
RYE
WHISKEY
SMOKING & DRINKING IS DANGEROUS TO HEALTH & WEALTH

CONSTITUTION OF INDIA        നൈതികം

ARTICLE 15:

(1)THE STATE SHALL NOT DISCRIMINATE
AG A INST ANY CITIZEN ON GROUNDS ONLY
RELIGION, RACE, CASTE, SEX, PLACE OF BIRTH ANY OF THEM.

( 2)NO CITIZEN SHALL, PLACE ON GROUND ONLY RELIGION RACE,
CASTE, SEX, PLACE OF BIRTH OR ANY OF THEM ,
BE SUBJECT TO ANY DISABILITY, LIABILITY,
RESTRICTION OR CONDITION.

(3) NOTHING IN THIS ARTICLE SHALL PREVENT THE STATE
FROM MARKING ANY SPECIAL PROVISION FOR WOMEN AND CHILDREN

മതം,വംശം,ജാതി,

ലിംഗം, ജൻമദേശം

എന്നിവയുടെ അടിസ്ഥാനത്തിൽ

ഭരണകൂടം പൗരർക്കിടയിൽ

യാതൊരു വിവേചനവും

കാണിക്കാൻ പാടുള്ളതല്ല.

കുട്ടികൾക്കും സ്ത്രീകൾക്കും

പ്രത്യേക പരിരക്ഷ നൽകാൻ

ഭരണകൂടത്തിനധികാരമുണ്ട്

*ബൈ : കെ. എം. മുഹമ്മദ് ഫസ്സൽ*

# അഭിനന്ദനങ്ങൾ



**2019-20- അധ്യയനവർഷത്തെ സംസ്ഥാന ഐ ടി മേളയിൽ സ്ക്രാച്ച് പ്രോഗ്രാമിങ്ങിന് സി ഗ്രേഡ് കരസ്ഥമാക്കിയ സെൽവിൻ എസ് ജോസഫ്.**

# *LK Members 2019/21*



# നന്ദി

